## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ : *593 — 27.10.2011 ലെ മറുപടിക്ക്

### നെൽകർഷകർക്ക് ആശ്വാസ പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. പി.സി. വിഷ്ണുനാഥ്<br>ശ്രീ. വി.റ്റി. ബൽറാം<br>ശ്രീ. വർക്കല കഹാർ<br>ശ്രീ. വി.ഡി. സതീശൻ | ശ്രീ. സി.എൻ. ബാലകൃഷ്ണൻ<br>(സഹകരണ വകുപ്പ് മന്ത്രി). |
| എ) സഹകരണ മേഖലകൾ വഴി നെൽ കർഷകർക്ക് എന്തെല്ലാം ആശ്വാസ പദ്ധതികളാണ് നടപ്പാക്കാനുദ്ദേശിക്കുന്നത് ; | എ) ഭക്ഷ്യസുരക്ഷാ പദ്ധതിയുടെ ഭാഗമായി നെൽകൃഷിക്ക് പലിശ രഹിതവായ്പ നൽകി വരുന്നുണ്ട്. ഈ ആനുകൂല്യം പാടശേഖര സമിതികൾക്കും കൂടി ബാധകമാക്കിയിട്ടുണ്ട്.<br>കർഷക തൊഴിലാളികളുടെ ലഭ്യത കുറഞ്ഞ സ്ഥലങ്ങളിൽ സഹകരണ സംഘങ്ങൾ അതാത് പ്രദേശത്തിന് അനുയോജ്യമായ കൊയ്ത്ത് മെതി യന്ത്രങ്ങൾ വാങ്ങി കർഷകർ/പാടശേഖരസമിതി/ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ/നെല്ലുത്പാദക സഹകരണ സംഘങ്ങൾ/കുടുംബശ്രീകൾ എന്നിവയ്ക്ക് ന്യായമായ വാടകയ്ക്ക് നൽകുന്ന പദ്ധതി ആവിഷ്കരിക്കുകയും നാളിതുവരെ 13 മെതിയന്ത്രങ്ങൾ വാങ്ങി വാടകയ്ക്ക് നൽകി വരുന്നുമുണ്ട്. ആവശ്യമായ സ്ഥലങ്ങളിൽ കൊയ്ത്ത് മെതിയന്ത്രങ്ങൾ വാങ്ങി ന്യായമായ നിരക്കിൽ കർഷകർക്ക് വാടകയ്ക്ക് നൽകാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| ബി) സഹകരണ സംഘങ്ങൾ വഴി കാർഷിക വായ്പ നൽകാൻ നടപടി സ്വീകരിക്കുമോ ; | ബി) സുഗമമായും കുറഞ്ഞ പലിശ നിരക്കിലും കാർഷിക വായ്പ വിതരണം ചെയ്യുന്നതിനുള്ള നിർദ്ദേശങ്ങൾ നിലവിൽ പ്രാബല്യത്തിലുണ്ട്. |

| | | | |
|---|---|---|---|
| സി) | ഏതെല്ലാം സഹകരണ സംഘങ്ങൾ വഴിയാണ് കാർഷിക വായ്പ നൽകാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ; | സി) | സംസ്ഥാനത്തെ പ്രാഥമിക സഹകരണ സംഘങ്ങൾ/ സർവ്വീസ് സഹകരണ ബാങ്കുകൾ, പ്രാഥമിക കാർഷിക ഗ്രാമവികസന ബാങ്കുകൾ എന്നിവ വഴി കാർഷിക വായ്പകൾ നൽകിവരുന്നുണ്ട്. കുടിശിക, പ്രവർത്തന രഹിതം എന്നീ കാരണങ്ങളാൽ ജില്ലാ ബാങ്കിൽ നിന്ന് കാർഷിക വായ്പ ലഭ്യമാകാത്ത പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിലെ അംഗങ്ങൾക്ക് വായ്പ ലഭ്യമാക്കുന്നതിന് ടി പ്രദേശത്തെ ജില്ലാ സഹകരണ ബാങ്കിന്റെ ശാഖകൾ മുഖേന കാർഷിക വായ്പകൾ നൽകുന്നതിനും ശാഖകൾ ഇല്ലാത്ത പക്ഷം പുതുതായി ശാഖകൾ ആരംഭിച്ച് ശാഖകൾ മുഖേന കാർഷിക വായ്പകൾ നൽകുന്നതിനും നിർദ്ദേശം നിലവിലുണ്ട്. |
| ഡി) | ഇപ്രകാരം നൽകുന്ന വായ്പകളുടെ പലിശ പൂർണ്ണമായി ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ? | ഡി) | സംസ്ഥാനത്തൊട്ടാകെയുള്ള അർഹതപ്പെട്ട കർഷകർക്ക് കാർഷിക വായ്പ കുറഞ്ഞ പലിശ നിരക്കിൽ നൽകുന്നതിനാണ് ഉദ്ദേശിക്കുന്നത്. കാർഷിക വായ്പകൾ കൃത്യമായി തിരിച്ചടയ്ക്കുന്ന കർഷകർക്ക് 2011-12 വർഷം മുതൽ 3% പലിശ സബ് വെൻഷൻ കേന്ദ്ര സർക്കാർ അനുവദിക്കുന്നത് കൂടാതെ 2011-12 വർഷത്തെ പുതുക്കിയ ബഡ്ജറ്റിൽ വായ്പയെടുക്കുന്ന കൃഷിക്കാരെയും വായ്പ നൽകുന്ന സ്ഥാപനങ്ങളെയും ഒരേ സമയം സംരക്ഷിക്കുന്നതിന്, കൃത്യമായി തിരിച്ചടയ്ക്കുന്നവർക്കായി ഒരു ഉത്തേജക പലിശ ഇളവ് പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്. ആയത് പ്രകാരം സഹകരണ സ്ഥാപനങ്ങളിൽ നിന്ന് വായ്പ എടുക്കുന്ന ഏതൊരാൾക്കും പ്രസ്തുത വായ്പാ തുക കൃത്യ തീയതിയിൽ തിരിച്ചടയ്ക്കുന്ന പക്ഷം 5% പലിശ ഇളവ് നൽകുന്നതിന് ഉദ്ദേശിച്ചിട്ടുണ്ട്. ടി പദ്ധതി നടപ്പിലാക്കുന്നതോടുകൂടി ഫലത്തിൽ കർഷകർക്ക് 0% പലിശ നിരക്കിൽ കാർഷിക വായ്പ ലഭ്യമാകുന്നതാണ്. നെൽ കർഷകർക്കുള്ള പലിശ രഹിത വായ്പാ പദ്ധതി സംസ്ഥാനത്ത് ഇപ്പോൾ തന്നെ നടപ്പാക്കി വരുന്നുണ്ട്. ജില്ലാതല ടെക്നിക്കൽ കമ്മിറ്റി നിശ്ചയിക്കുന്ന സ്കെയിൽ ഓഫ് ഫിനാൻസിന് വിധേയമായി സഹകരണ സംഘങ്ങൾ/ബാങ്കുകൾ മുഖേന നെൽകൃഷിയ്ക്കായി 25,000/- രൂപ വരെ പലിശ രഹിത വായ്പ നൽകിയിരുന്നത് ഇപ്പോൾ പരിധിയില്ലാതെ നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ